# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2981 10.05.2017 ൽ മറുപടിയ്ക്ക്

### ഓപ്പറേഷൻ കുബേര

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് വിജയകരമായി നടപ്പിലാക്കിയ ഓപ്പറേഷൻ കുബേര നിലവിലുണ്ടോ; എങ്കിൽ വട്ടിപ്പലിശയ്ക്ക് പണം കൊടുക്കുന്ന എത്ര സ്ഥാപനങ്ങൾക്കും, വ്യക്തികൾക്കുമെതിരെ കഴിഞ്ഞ പതിനൊന്ന് മാസത്തിനിടയിൽ നടപടി സ്വീകരിച്ചുവെന്നും എത്ര പേരെ അറസ്റ്റ് ചെയ്തുവെന്നും വ്യക്തമാക്കുമോ; | (എ) നിലവിലുണ്ട്. വട്ടിപ്പലിശയ്ക്ക് പണം കടംകൊടുക്കുന്ന 8 സ്ഥാപനങ്ങൾക്കും, 161 വ്യക്തികൾക്കുമെതിരെ കഴിഞ്ഞ പതിനൊന്നുമാസത്തിനിടയിൽ നടപടി സ്വീകരിക്കുകയും, 90 പേരെ അറസ്റ്റു ചെയ്യുകയും ചെയ്തു. |
| (ബി) മുൻ സർക്കാരിന്റെ കാലത്ത് എത്ര സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെതിരെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) മുൻ സർക്കാരിന്റെ കാലത്ത് 210 സ്ഥാപനങ്ങൾക്കെതിരെയും, 3938 വ്യക്തികൾക്കെതിരെയും നടപടി സ്വീകരിച്ചു. |
| (സി) തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടിയിൽ സുരേഷ് കുമാറും കുടുംബവും ആത്മഹത്യ ചെയ്ത സംഭവം ബ്ലേഡ് മാഫിയയുടെ ഭീഷണി മൂലമാണോ; എങ്കിൽ കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (സി) പ്രസ്തുത വിഷയം സംബന്ധിച്ച് എരുമപ്പെട്ടി പോലീസ് സ്റ്റേഷനിൽ ക്രൈം 268/17 u/s 302, 307, r/w 34 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയാണ്. |
| (ഡി) സമീപകാലത്ത് സംസ്ഥാനത്തുണ്ടായ കൂട്ട ആത്മഹത്യകൾ ബ്ലേഡ് മാഫിയയുടെ ഭീഷണി മൂലം ആണെന്ന വസ്തുത പരിഗണിച്ച് ഇത്തരക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ? | (ഡി) ഇത്തരം സംഭവങ്ങൾ ഉണ്ടായാൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ഉത്തരവാദികളാകുന്നവർക്കെതിരെ കർശന നിയമ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.